കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - വയനാട് ജില്ലാപഞ്ചായത്താഫീസിലെ മുൻ യുഡിസിയും നിലവിൽ കൊല്ലം ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിയ്ക്കുന്ന ശ്രീ എസ് രാജേന്ദ്രൻ പിള്ളയുടെ 07.08.2010 മുതൽ 10.02.2013 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു .

---

# തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം.1629/2016/തസ്വഭവ . തീയതി, തിരുവനന്തപുരം, 7/5/2016

---

പരാമർശം: 1. ശ്രീ എസ് രാജേന്ദ്രൻ പിള്ളയുടെ 07.08.2010 ലെ അപേക്ഷ

2. പഞ്ചായത്ത് ഡയറക്ടറുടെ 06.05.2014 ലെ ഇ 5-44331/13 നമ്പർ കത്ത്

## <u>ഉത്തരവ്</u>

വയനാട് ജില്ലാപഞ്ചായത്താഫീസിലെ മുൻ യുഡിസിയും നിലവിൽ കൊല്ലം ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിയ്ക്കുന്ന ശ്രീ എസ് രാജേന്ദ്രൻ പിള്ളയുടെ 07.08.2010 മുതൽ 10.02.2013 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ക്രമീകരിയ്ക്കുന്നതിന് ടിയാൻ പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ എസ് രാജേന്ദ്രൻ പിള്ള 25.4.2010 മുതൽ 15.05.2010 വരെ ചികിത്സാർത്ഥം അർദ്ധവേതനാവധിക്ക് അപേക്ഷിയ്ക്കുകയും തുടർന്ന് 15.5.2010 മുതൽ 3 മാസത്തേക്ക് വീണ്ടും അവധിയ്ക്ക് അപേക്ഷിച്ചതിനെത്തുടർന്ന് പഞ്ചായത്ത് കമ്മിറ്റി കൂടി ടിയാനെ മെഡിക്കൽ ബോർഡിന് റഫർ ചെയ്യുകയും ടിയാന് 3 മാസത്തേക്ക് ( 14.10.2010 തീയതി പ്രാബല്യത്തിൽ) അവധിക്ക് ശിപാർശ ചെയ്തു. ടി കാലയളവ് കഴിഞ്ഞും ടിയാൻ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയിൽ പോകുകയും 11.02.2013 ന് ജോലിയിൽ പുനപ്രവേശിക്കുകയും ചെയ്തു. 25.04.2010 മുതൽ 06.08.2010 വരെ അർദ്ധവേതനാവധിക്കും 07.08.2010 മുതൽ 10.02.2013 വരേയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയ്ക്കുമാണ് ടിയാൻ അപേക്ഷിച്ചിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലാപഞ്ചായത്താഫീസിലെ മുൻ യുഡിസിയും നിലവിൽ കൊല്ലം ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിയ്ക്കുന്ന ശ്രീ എസ് രാജേന്ദ്രൻ പിള്ളയ്ക്ക് 14.10.2010 മുതൽ 13.01.2011 വരെ (മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് അനുസരിച്ച്) മെഡിക്കൽ

സർട്ടിഫിക്കറ്റിന്മേൽ ആർജ്ജിതാവധിയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിലും 07.08.2010 മുതൽ 13.10.2010 വരെയും 14.01.2011 മുതൽ 10.02.2013 വരെയും ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിലും കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ശ്രീകല സി.എസ്**

ഗവ. അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, നൂറനാട് ഗ്രാമപഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ എസ് രാജേന്ദ്രൻ പിള്ള, സീനിയർ ക്ലാർക്ക്, നൂറനാട് ഗ്രാമപഞ്ചായത്ത്, കൊല്ലം
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പ്(4.12.2015 ലെ 137102/ആർബി2/2015/ധന നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (ഇപിഎ 1/154/2015/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ